കോഴിക്കോട്	22,60,075
കണ്ണൂർ	10,83,690
കാസർഗോഡ്	21,03,127
ആകെ	4,89,64,623

കൊട്ടാരക്കരയിലെ സർക്കാർ/സ്വകാര്യ സ്ഥാപനങ്ങളുടെ വൈദ്യുതി കടിശ്ശിക

55 (4046) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊട്ടാരക്കര നിയോജകമണ്ഡലത്തിൽപ്പെടുന്ന സർക്കാർ/സ്വകാര്യ സ്ഥാപനങ്ങൾ വൈദ്യുതി കടിശ്ശിക ഇനത്തിൽ കെ.എസ്.ഇ.ബി.-ക്ക് എത്ര തുക നൽകാനുണ്ട്, അവ ഓരോന്നിന്റെയും വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത തുക പിരിച്ചെടുക്കുന്നതിന് വൈദ്യുതി ബോർഡ് ഇതുവരെ സ്വീകരിച്ചിട്ടുള്ള നടപടിക്രമങ്ങൾ വിശദമാക്കുമോ?

ഉത്തരം

(എ) എൽ.റ്റി. വിഭാഗത്തിൽ കൊട്ടാരക്കര നിയോജക മണ്ഡലത്തിലെ സർക്കാർ/സ്വകാര്യ സ്ഥാപനങ്ങളുടെ വൈദ്യുതി കടിശ്ശിക ചുവടെ ചേർക്കുന്നു :

ക്രമ നമ്പർ	സർക്കാർ സ്ഥാപനം	തുക (രൂപയിൽ)
(1)	(2)	(3)
1	ഇക്കണോമിക്സ്& സ്റ്റാറ്റിസ്റ്റിക്സ്	2,485
2	എക്സൈസ്	1,264
3	ഹെൽത്ത്	2,05,461
4	ജുഡിഷ്യറി	7,628
5	കെ.ഐ.പി.	24,643
6	ലേബർ ഡിപ്പാർട്ട്മെന്റ്	2,787

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)
7	പഞ്ചായത്ത്	9,522
8	പോലീസ്	17,11,406
9	പൊതുമരാമത്ത് വകുപ്പ്	1,23,413
10	രജിസ്ട്രേഷൻ	9,696
11	റവന്യൂ വകുപ്പ്	10,655
12	മണ്ണ് സംരക്ഷണം	8,507
13	വെറ്ററിനറി	4,593
14	വില്ലേജ് ഓഫീസ്	2,522
	ആകെ	21,24,582

ക്രമ നമ്പർ	സർക്കാർപൊതുമേഖലാ സ്ഥാപനം	തുക (രൂപയിൽ)
1	കേരള വാട്ടർ അതോറിറ്റി	1,04,01,068

ക്രമ നമ്പർ	സ്വകാര്യ സ്ഥാപനം	തുക (രൂപയിൽ)
(1)	(2)	(3)
1	എം.ജി.എം. സ്കൂൾ, മൈലം	9,09,416
2	സ്വാതി ഫീഡ്സ്	1,58,794
3	വിജയലക്ഷ്മി അമ്മ, കൃഷ്ണ ഭവൻ, കൊട്ടാരക്കര (കൺസ്യൂമർ നമ്പർ 25124)	2,60,616

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)
4	(കൺസ്യൂമർ നമ്പർ 4262 കൊട്ടാരക്കര വെസ്റ്റ്)	71,251
5	(കൺസ്യൂമർ നമ്പർ 685 കൊട്ടാരക്കര വെസ്റ്റ്)	44,516
6	(കൺസ്യൂമർ നമ്പർ 13027) ബാഹുലേയൻ)	10,408
7	(കൺസ്യൂമർ നമ്പർ 1717 6)	16,266
8	(കൺസ്യൂമർ നമ്പർ 11641, 5374) സോമൻ ജി., രോഹിണി ഹോട്ടൽ	14,094
9	(കൺസ്യൂമർ നമ്പർ 2267, 851) കമലാസനൻ	95,303
10	(കൺസ്യൂമർ നമ്പർ 8347, 9163) ജോസ് ഡാനിയേൽ	9,800
11	(കൺസ്യൂമർ നമ്പർ 8815) ഗീവർഗ്ഗീസ് ക്ലീതക്കാരൻ	2,05,938
	ആകെ	17,96,402

30-9-2014-ലെ ത്രൈമാസ കണക്ക് പ്രകാരം കൊട്ടാരക്കര ഇലക്ട്രിക്കൽ സർക്കിളിന് കീഴിൽ വരുന്ന എച്ച്.റ്റി./ഇ.എച്ച്.റ്റി. ഗണത്തിൽ വരുന്ന ഉപഭോക്താക്കളുടെ കുടിശ്ശിക വിവരം.

സർക്കാർ വകുപ്പുകൾ	4.44 ലക്ഷം
സ്വകാര്യ സ്ഥാപനങ്ങൾ	3.41 കോടി
കേരള വാട്ടർ അതോറിറ്റി	6 കോടി
സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ	7.31 കോടി

LIBRARY ARCHIVES Kerala Legislative Assembly

(ബി) വ്യവഹാരങ്ങളിൽപ്പെട്ട ഉക പിരിച്ചെടുക്കുന്നത് കോടതിയുടെ തീർപ്പിന് വിധേയമായി മാത്രമായിരിക്കും. ഇതര സ്ഥാപനങ്ങളുടെ കുടിശ്ശിക പിരിച്ചെടുക്കാൻ ഒറ്റത്തവണ തീർപ്പാക്കൽ, തവണ വ്യവസ്ഥ അനുവദിക്കൽ, റവന്യൂ നടപടികൾ സ്വീകരിക്കൽ, വൈദ്യുതി ബന്ധം വിച്ഛേദിക്കൽ എന്നീ നടപടികളാണ് സ്വീകരിക്കുന്നത്. സർക്കാർ വകുപ്പുകളുടെയും, വാട്ടർ അതോറിറ്റിയുടെയും കുടിശ്ശിക പിരിച്ചെടുക്കാൻ സത്വര നടപടികൾ സ്വീകരിച്ചുവരുന്നു.

ചാലക്കുടിപ്പുഴയിൽ നീരൊഴുക്ക് ഉറപ്പുവരുത്തുന്നതിന് നടപടി

56 (4047) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാലക്കുടി റിവർ ഡൈവേർഷൻ സ്കീമിൽ നിന്നും ജലസേചനം കൂടുതലായി നടക്കുന്ന ഡിസംബർ മുതൽ മേയ് വരെയുള്ള മാസങ്ങളിൽ, പെരിങ്ങൽകുത്ത് ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ടിൽ (PHEP) നിന്നും ഇരുപത്തിനാലു മണിക്കൂറും വൈദ്യുതോല്പാദനം ക്രമീകരിച്ച് ചാലക്കുടിപ്പുഴയിൽ ഒരേ രീതിയിലുള്ള നീരൊഴുക്ക് ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) കഴിഞ്ഞ വർഷങ്ങളിൽ വൈദ്യുതോല്പാദനം ഭാഗികമായി ക്രമീകരിച്ച് നടപ്പാക്കിയിരുന്നത് ഈ വർഷം പൂർണ്ണമായും നടപ്പാക്കുമെന്ന് ഉറപ്പുവരുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ചാലക്കുടി പുഴയിലേയ്ക്കുള്ള നീരൊഴുക്ക് നിയന്ത്രിക്കുന്നത് പ്രധാനമായും പെരിങ്ങൽക്കുത്ത് ജലവൈദ്യുതി പദ്ധതിയിലെ വൈദ്യുതി ഉത്പാദനത്തിനുശേഷം പുറത്തേയ്ക്ക് ഒഴുകുന്ന ജലമാണ്. ഷോളയാർ ഡാമിൽ നിന്നുള്ള ജലമാണ് പ്രധാനമായും പെരിങ്ങൽക്കുത്ത് ജലവൈദ്യുതി പദ്ധതിയിലെ ഉത്പാദനത്തിനായി ലഭിക്കുന്നത്. ഡിസംബർ മുതൽ മേയ് വരെയുള്ള കാലയളവിൽ 24 മണിക്കൂറും വൈദ്യുതി ഉത്പാദനത്തിന് ആവശ്യമായ ജലം പെരിങ്ങൽക്കുത്ത് പദ്ധതിയിൽ ലഭ്യമല്ലാത്തതിനാൽ ഇറിഗേഷൻ വകുപ്പും മറ്റ് വകുപ്പുകളുമായി ആലോചിച്ച് ചാലക്കുടി പുഴയിൽ പരമാവധി ഒരേ അളവിൽ ജലം ലഭ്യമാകുന്ന തരത്തിൽ ഇവിടത്തെ വൈദ്യുതി ഉത്പാദനം ക്രമീകരിച്ചുവരുന്നു.

(ബി) ജലത്തിന്റെ ലഭ്യതയനുസരിതമായി മാത്രമേ പെരിങ്ങൽക്കുത്തിലെ വൈദ്യുതി ഉല്പാദനം മുകളിൽ പ്രതിപാദിച്ച രീതിയിൽ ഈ വർഷവും ക്രമീകരിക്കാനാവുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly